# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 403** **02.12.2014 ൽ മറുപടിയ്ക്ക്**

## അനെർട്ടിന്റെ സോളാർ പാനലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അനെർട്ട് സ്ഥാപിക്കുന്ന സോളാർ പാനലുകൾ സർക്കാർ വകുപ്പുകൾ നിരുത്സാഹപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) 2012-13 കാലയളവിലെ ആസ്തി വികസന ഫണ്ടിൽപ്പെടുത്തി ചേർത്തല താലൂക്ക് ആശുപത്രിയിൽ അനെർട്ടിന്റെ ചുമതലയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരി ക്കുന്നതിനുള്ള നിർദ്ദേശപ്രകാരം ഭരണാനുമതി ലഭിച്ച ജോലിക്കുവേണ്ടി ഇനിയും തുക ലഭിച്ചിട്ടില്ലാത്തതും ജോലി ആരംഭിച്ചി ട്ടില്ലാത്തതും എന്തു കാരണത്താലാണെന്ന് വ്യക്തമാക്കുമോ? | (ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ അനെർട്ടിന്റെ ചുമതലയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള ഭരണാനുമതി G.O.(Rt) No.2129/2013/ H&FWD dated 18.06.2013 എന്ന ഉത്തരവ് പ്രകാരം നൽകുകയുണ്ടായെങ്കിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട തുക പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർ അനെർട്ടിൽ ഡിപ്പോസിറ്റ് ചെയ്യേണ്ടതുണ്ട്. 03.06.2014 ലെ സർക്കുലർ 54/2014 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഡപ്പോസിറ്റ് വർക്ക് ചെയ്യുന്ന ഏജൻസിക്ക് തുക നൽകാൻ ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസി ചെയ്യു പ്രവൃത്തിയുടെ തുക ഡപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി 16/08/2014 ലെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. അതിനെ തുടർന്ന് ജി.ഒ(പി)304/2014/ധന തീയതി, 21/07/2014 ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്കുള്ള ബില്ലിന് സീനിയോരിറ്റി |

പ്രകാരം, പി.ഡബ്ല്യൂ.ഡി വഴി തുക അനുവദിച്ച് ധനകാര്യ വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആസ്തി വികസന പദ്ധതി സർക്കാരിന്റെ പുതിയ സ്കീമായതിനാലാണ് തുക അനുവദിക്കുന്ന തിനുള്ള നടപടിക്രമങ്ങളിൽ കാലതാമസ്സം നേരിട്ടത്.

**സെക്ഷൻ ഓഫീസർ**